(ഡി) തിരുവനന്തപുരം ജില്ലയിൽ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങൾ താഴെപ്പറയുന്നവയാണ്:-

1. തിരുവനന്തപുരം കോർപ്പറേഷൻ (1 മുതൽ 50 വരെ വാർഡുകൾ)
2. കാട്ടാക്കട പഞ്ചായത്ത്, പൂവച്ചൽ പഞ്ചായത്തിലെ 2, 7, 10 എന്നീ വാർഡുകൾ.
3. നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ എന്നീ മുനിസിപ്പൽ പ്രദേശങ്ങൾ.
4. ബാലരാമപുരം പഞ്ചായത്തു പ്രദേശം.
5. വർക്കല മുനിസിപ്പൽ പ്രദേശം, പാറശ്ശാല പഞ്ചായത്തു പ്രദേശം.
6. ചിറയിൻകീഴ്, കല്ലമ്പലം, വെഞ്ഞാറമൂട്, കിളിമാനൂർ പ്രദേശങ്ങൾ.

പദ്ധതി ബാധകമാക്കപ്പെട്ട പ്രദേശങ്ങൾ ഒഴികെ ജില്ല ഒട്ടാകെ പ്രാബല്യമുള്ള ചുമട്ടുതൊഴിലാളികളുടെ കൂലിനിരക്കുകൾ 27.9.97-ലെ ജി.ഒ.(ആർ.ടി.) 2731/97/തൊഴിൽ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) കോപ്പി ഇതിനോടൊപ്പം വച്ചിട്ടുണ്ട്.†

(3532) ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ട്രിബ്യൂണലുകളിൽ ഓരോന്നിലും എത്ര കേസ്സുകൾ വീതം പെൻഡിംഗ് ആയിട്ടുണ്ട്;

(സി) ഇവയിൽ ഏറ്റവും പഴക്കംചെന്ന കേസ്സ് എന്നാണാരംഭിച്ചത് എന്നറിയിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) 30.6.99-ൽ

പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 301
കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 50
ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 237
കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ	- 66
ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ (31.3.99-ൽ)	- 67

(സി) 1993-ൽ

(3538) ഇ.എസ്.ഐ. കോർപ്പറേഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇ.എസ്.ഐ. കോർപ്പറേഷൻ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നീക്കം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) സംസ്ഥാനത്ത് ഇ.എസ്.ഐ. പദ്ധതിയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ രജിസ്റ്റർചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇ.എസ്.ഐ. കോർപ്പറേഷന്റെ മൊത്തം വരുമാനം എത്ര; 1997, 1998, 1999 വർഷങ്ങളിൽ ലഭിച്ച വരുമാനം എത്ര;

(ഡി) ഇ.എസ്.ഐ. പദ്ധതി പ്രകാരം എത്ര തുക ഇതേവരെ ചെലവഴിച്ചിട്ടുണ്ട്; 1997, 1998, 1999 വർഷങ്ങളിൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി എത്ര സംഖ്യ ചെലവഴിച്ചു; ഏതൊക്കെ മേഖലകളിലാണ് സംഖ്യ ചെലവഴിച്ചിട്ടുള്ളത്;

(ഇ) ഇ.എസ്.ഐ. കാർഡ് നഷ്ടപ്പെടുന്ന തൊഴിലാളികളുടെ പരാതി പോലീസ് സ്റ്റേഷനിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇ.എസ്.ഐ. ലോക്കൽ ഓഫീസിൽ പരാതി നൽകുന്നതിനുപകരം കാർഡ് ലോക്കൽ ഓഫീസിൽനിന്ന് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്)സംസ്ഥാന ഇ.എസ്.ഐ. കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. കോർപ്പറേഷൻ സ്വകാര്യവൽക്കരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിയോഗിച്ച സത്യം കമ്മിറ്റി റിപ്പോർട്ടിൽ ഇതു സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നു.

(ബി) 31.3.1999-ലെ കണക്കനുസരിച്ച് 3,94,022 തൊഴിലാളികൾ.

(സി) 1997, 1998, 1999 വർഷങ്ങളിലെ മൊത്തവരുമാനം 10,060.59 ലക്ഷം രൂപ

(1996-97 - 2160.68 ലക്ഷം രൂപ
1997-98 - 3601.88 ലക്ഷം രൂപ
1998-99 - 4298.03 ലക്ഷം രൂപ)

(ഡി) 1997, 1998, 1999 വർഷങ്ങളിൽ മൊത്തം 10,213.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(1996-97 - 2990.08 ലക്ഷം രൂപ
1997-98 - 3141.39 ലക്ഷം രൂപ
1998-99 - 4082.48 ലക്ഷം രൂപ)

താഴെപ്പറയുന്ന മേഖലകളിലാണ് പ്രധാനമായും ചെലവഴിച്ചിട്ടുള്ളത്

1. ക്യാഷ് ബനിഫിറ്റ്
2. മെഡിക്കൽ ബനിഫിറ്റ്
3. മറ്റിനങ്ങൾ

(ഇ) ഉണ്ട്. ഇതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നകാര്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്.

(എഫ്) ഇതു സംബന്ധിച്ച ഒരു നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിന്റെ വിശദാംശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly